കുറച്ച് പരാതികൾ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ബഡ്ജറ്റിൽ കിട്ടുന്ന പ്രൊവിഷൻ അനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടാവുന്ന മുഴുവൻ സഹായവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. ആദ്യമായിട്ടാണ് കഴിഞ്ഞ വർഷം മുഖ്യമന്ത്രി തന്നെ നേരിട്ട് പ്ലാനിംഗ് കമ്മീഷനുമായി ബന്ധപ്പെട്ടതിനുശേഷം നമുക്ക് പതിനഞ്ചു കോടി രൂപ നൽകിയത്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഒരു ഉദാരമായ സമീപനം എടുത്താൽ മാത്രമേ ബഹുമാനപ്പെട്ട അംഗം പറഞ്ഞ മുഴുവൻ കാര്യങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയൂ.

III. സബ്മിഷൻ

(1) കല്ലറ സർക്കാർ ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പിരപ്പൻകോട് മുരളി: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ് കല്ലറ ആശുപത്രി. ഏതാണ്ട് നാലഞ്ചു പഞ്ചായത്തുകൾ, ചടയമംഗലം, വാമനപുരം, അതുപോലെ കിളിമാനൂർ മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങൾ എന്നിവ ഉൾപ്പെട്ടതാണ് ഈ ആശുപത്രി. അതിന്റെ ശോചനീയാവസ്ഥയെപ്പറ്റി നിരവധി പ്രാവശ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയതാണ്. ഏതാണ്ട് നൂറ് ഇൻ-പേഷ്യന്റ്സും അഞ്ഞൂറ് ഔട്ട്-പേഷ്യന്റ്സും ദിവസവും വരുന്ന ഈ ആശുപത്രിയെ കഴിഞ്ഞ ഗവൺമെന്റ് ഫസ്റ്റ് റഫറൽ യൂണിറ്റായി പ്രഖ്യാപിച്ചതാണ്; പക്ഷേ അത് നടപ്പിലായില്ല. അതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ഈ ആശുപത്രിയെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സമരം ചെയ്യുന്ന ആശുപത്രി സംരക്ഷണ സമിതിക്കാരെ വിളിച്ച് ഈ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, കല്ലറ പ്രൈമറി ഹെൽത്ത് സെന്റർ ഉൾപ്പെടെ പതിനെട്ടോളം പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്താനുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക പരാധീനതമൂലം അത്തരം നിർദ്ദേശം പരിഗണിക്കാൻ പ്രയാസമുണ്ട് എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. ഇപ്പോൾ ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി എഴുപതിനായിരത്തിനാന്നൂറ്റി അൻപത്തിയാറ് രൂപ മൊത്തം ഇതിന് ചെലവ് വരും. ഇന്നത്തെ സാമ്പത്തിക നില പരിഗണിച്ച് ഗവൺമെന്റിന് ഇതിന് സാധിക്കില്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറെ ഖേദപൂർവ്വം അറിയിക്കാനുള്ളത്.

(2) മെഡിക്കൽ കോളേജുകളിലെ 2004-2005 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനം

ശ്രീ. കെ. മുഹമ്മദാലി: സർ, മതിയായ സൗകര്യം ഇല്ല എന്നുള്ളതിന്റെ പേരിൽ 7 മെഡിക്കൽ കോളേജുകളിലെ 2004-2005 വർഷത്തേക്കുള്ള പ്രവേശനം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തടഞ്ഞിരിക്കുകയാണ്. പക്ഷേ ഇന്ന് അവിടെ പരീക്ഷാവിഭാഗം പ്രവേശന

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണർ ഇറക്കിയ പ്രോസ്പെക്ടസിൽ വരുന്ന ഏക പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിനെ മാത്രം ഒഴിവാക്കിക്കൊണ്ട് മറ്റ് ആറ് സ്വകാര്യ മെഡിക്കൽ കോളേജുകളിലും പ്രവേശനം നൽകാൻ അനുമതി നൽകിയിരിക്കുകയാണ്. കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജിനുകൂടി പ്രവേശനാനുമതി നൽകുവാൻ പ്രവേശന കമ്മീഷണർക്ക് നിർദ്ദേശം നൽകണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, പ്രോസ്പെക്ടസിലുള്ള ലിസ്റ്റിൽ പേരില്ല എന്നുള്ള കാരണത്താൽ അംഗീകാരം ലഭിക്കുന്ന ഒരു കോളേജിലും പ്രവേശനം തടഞ്ഞുവയ്ക്കുന്നില്ല. പ്രവേശനം നടക്കുമ്പോൾ ഐ.എം.സി.-യുടെ അംഗീകാരം വേണമെന്നേ പറഞ്ഞിട്ടുള്ളൂ.

(3) കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗത്തിന് ഭവന നിർമ്മാണ പദ്ധതികൾക്ക് അനുവദിച്ച തുക ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ സംവരണ ലിസ്റ്റിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തിയതിനെത്തുടർന്ന് കേരളത്തിൽ കാസർഗോഡ് ജില്ലയിൽ മാത്രമുള്ള മറാഠി വിഭാഗത്തിൽപ്പെട്ട ആളുകൾ വല്ലാതെ ദുരിതമനുഭവിക്കുകയാണ്. ദരിദ്രരായ ഈ ജനവിഭാഗത്തിന് വീട് നിർമ്മിക്കുന്നതിനുവേണ്ടി കഴിഞ്ഞ തവണ സഹായം കൊടുത്തിരുന്നു. ഉള്ള വീട് പൊളിച്ചു കളഞ്ഞ്, തറയൊക്കെ കെട്ടി, സാങ്കേതികത്വത്തിന്റെ പേരിൽ ആ വീട് പണി പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. അതുപോലെതന്നെ മാവിലൻ സമുദായത്തിൽപ്പെട്ട ആളുകൾക്കും ഈ പ്രശ്നമുണ്ട്. ഇത് പരിഹരിക്കാൻ ആവശ്യമായ അടിയന്തിര സംവിധാനം ഉണ്ടാക്കണം.

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, പട്ടിക വർഗ്ഗത്തിൽപ്പെട്ട മറാഠി സമുദായങ്ങളെ സംവരണ ലിസ്റ്റിൽ നിന്ന് പുറത്താക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് അവരെ ഒ.ഇ.സി. ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരെന്ന നിലയിൽ അവർക്ക് ഭവന നിർമ്മാണ ഫണ്ട് അനുവദിച്ചിരുന്നു. പക്ഷേ ഒ.ഇ.സി. ആയപ്പോൾ പട്ടികവർഗ്ഗമല്ലാത്തതിന്റെ പേരിൽ ഗ്രാന്റ് കൊടുക്കാൻ നിയമപരമായ തടസ്സമുണ്ട്. എന്നിരുന്നാൽപോലും ഈ കാര്യം പ്രത്യേകമായി പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. മാവിലൻ കമ്മ്യൂണിറ്റി പട്ടികജാതിയിലായിരുന്നു. ഇപ്പോൾ പട്ടിക വർഗ്ഗമാണ്. അവർക്കും ഇതേ പ്രശ്നമുണ്ട്. അക്കാര്യം പരിശോധിച്ച് ഉചിതമായ പരിഹാരം ഉണ്ടാക്കുന്നതാണ്.

(4) മലപ്പുറം ജില്ലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടേയും ജില്ലാശുപത്രിയുടേയും കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മലപ്പുറം ജില്ലയിലെ സാധുക്കളായവരുടെ ഏക ആശ്രയമാണ് ജില്ലാശുപത്രി. 1994-ൽ സംസ്ഥാനത്തെ നാലു ജില്ലകളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾക്ക് അനുമതി നൽകുകയുണ്ടായി. നിർഭാഗ്യമെന്നു പറയട്ടെ

LIBRARY ARCHIVES Kerala Legislative Assembly